ഇറയം റിസർച്ച് ജേർണൽ
January - April 2022 Volume VI Issue 1

# അപരജീവിതങ്ങളും പുതിയ ബോധ്യങ്ങളും: 'ഹേയ് ജൂഡി'ലെ പ്രതിനിധാനങ്ങൾ

**ഡോ. സ്റ്റാലിൻ ദാസ്**

ജനപ്രിയസിനിമയുടെ മൂല്യം നിർണ്ണയിക്കപ്പെടുന്നത് കമ്പോളത്തിൽ നേടുന്ന വിജയത്തെ അടിസ്ഥാനമാക്കിയാണെന്നത് പരക്കെ അറിയപ്പെടുന്ന യാഥാർത്ഥ്യമാണ്. വിനോദ വ്യവസായമെന്ന നിലയിൽ ചലച്ചിത്രത്തിൻറെ നിർമ്മാണവും വിപണനവും വിപണിയുടെ സാമ്പത്തിക താല്പര്യങ്ങളെ ആധാരമാക്കി രൂപപ്പെടുന്നവയാണ്. വിപണി വിജയത്തിനായുള്ള ഫോർമുലകളുടെ പ്രയോഗം അതിനാൽ ജനപ്രിയ സിനിമയുടെ അവിഭാജ്യഘടകമാണ് . ശാരീരികമായും ബുദ്ധിപരമായും മനുഷ്യരനുഭവിക്കുന്ന പരാധീനതകൾ വിപണി വിജയത്തിനായുള്ള ഫോർമുലകളായി മലയാള ചലച്ചിത്രങ്ങളിൽ ആദ്യ കാലം മുതലേ പ്രയോഗിക്കപ്പെടുന്ന പ്രമേയങ്ങളാണ്. എം. കൃഷ്ണൻ നായർ സംവിധാനം ചെയ്ത് തൊള്ളായിരത്തി അമ്പതുകളുടെ തുടക്കത്തിൽ പുറത്തു വന്ന 'കാവ്യമേള ' മുതൽ ഭിന്നശേഷീകർതൃത്വങ്ങൾ മലയാള തിരശ്ശീലയിൽ സാമ്പത്തിക നേട്ടത്തിനായുള്ള സവിശേഷമായ ഊന്നലുകളോടെ ആവിഷ്കരിക്കാൻ തുടങ്ങിയിട്ടുണ്ട്.

കമ്പോളതാല്പര്യങ്ങളെ മുഷിപ്പിക്കാതെ പ്രമേയത്തിലും ആഖ്യാനത്തിലും ഗൗരവ സ്വഭാവവും ശൈലിയും സ്വീകരിച്ച് ജനപ്രിയ ചലച്ചിത്രധാരയിൽ വേറിട്ട നിലപാടുള്ള ചലച്ചിത്രങ്ങൾ സാക്ഷാത്കരിച്ച ചലച്ചിത്രകാരനാണ് ശ്യാമപ്രസാദ്. തൊണ്ണൂറുകളുടെ ഒടുവിൽ പുറത്തു വന്ന ആദ്യ സിനിമയായ 'കല്ലുകൊണ്ടൊരു പെണ്ണ്' മുതൽ കലയുടെയും കമ്പോളത്തിൻറെയും യുക്തികൾ ശ്യാമപ്രസാദിൻറെ സിനിമകളിൽ കൈകോർക്കുന്നതു കാണാം. ഭിന്നശേഷികൾ പോലുള്ള സങ്കീർണ്ണ ജീവിതാനുഭവങ്ങളെ ജനപ്രിയസിനിമക്കാർ ഉപയോഗിച്ചതിൽ നിന്നു വ്യത്യസ്തമായി ശ്യാമപ്രസാദിനെപ്പോലുള്ള ആധുനിക മധ്യവർത്തി സിനിമക്കാർ ചലച്ചിത്രവല്ക്കരിച്ചതിൻറെ രാഷ്ട്രീയവും സാംസ്കാരികവുമായ അന്തർഗതങ്ങളെ 'ഹേയ് ജൂഡ് ' എന്ന ശ്യാമപ്രസാദ് സിനിമയെ മുൻനിർത്തി വായിക്കാനാണ് ഈ പഠനം ശ്രമിക്കുന്നത്.

ഭിന്നശേഷിക്കാരനായ ഒരു യുവാവിൻറെ ജീവിതമാണ് 'ഹേയ് ജൂഡി ' ൻറെ മുഖ്യപ്രമേയം. ആസ്പർജിയസ് സിൻഡ്രോമെന്ന ജനിതക വൈകല്യമനുഭവിക്കുന്ന ജൂഡ് സിനിമയിലെ കേന്ദ്ര കഥാപാത്രമാണ്. ഓട്ടിസത്തിൻറെ മൈൽഡ് സിറ്റ്വേഷനായി കരുതപ്പെടുന്ന ആസ്പർജിയസ് സിൻ ഡ്രോം പലപ്പോഴും തിരിച്ചറിയപ്പെടുകയോ ആസ്പർജിയസ് സിൻഡ്രോം ബാധിച്ചവർ അനുഭവിക്കുന്ന സവിശേഷ മാനസിക നിലക്കനുസരിച്ച് പരിഗണിക്കപ്പെടുകയോ ചെയ്യാറില്ല.

സങ്കീർണ്ണമായ മാനസികഘടനയും അസാധാരണമായ പെരുമാറ്റ സവിശേഷതകളുമുള്ള ഈ ഭിന്നശേഷിയെ സൂക്ഷ്മമായും വിശദമായും പിന്തുടരുന്നുണ്ട് ശ്യാമപ്രസാദ് സാക്ഷാത്കാരം നിർവ്വഹിച്ച 'ഹേയ് ജൂഡ്'. പൊതു സമൂഹത്തിൻറെ തമാശകളെ അതേയർത്ഥത്തിൽ മനസ്സിലാക്കാനാവാത്ത, വാക്കുകളിലെ സർക്കാസം തിരിച്ചറിയാനാവാത്ത, തുറന്നു ചിരിക്കാൻ പോലുമുള്ള കഴിവില്ലാതാക്കുന്ന സവിശേഷ മനോവ്യാപാരമാണ് ആസ്പർജിയസ് സിൻഡ്രോം. മനുഷ്യ വികാരഭേദങ്ങളെ

മനസ്സിലാക്കാനോ പ്രതികരിക്കാനോ സാധിക്കാത്ത സങ്കീർണ്ണമായ ന്യൂറോളജിക്കൽ അവസ്ഥയാണത്. ആസ്പർജിയസ് പോലുള്ള ഭിന്നശേഷികളുള്ളവർ മറ്റുള്ളവർ പറയുന്നതിനോടും തങ്ങളുടെ ചുറ്റുപാടുകളോടും വളരെ സാവധാനത്തിലാണ് പ്രതികരിക്കുക. തങ്ങളുടെ ചിന്തകൾ, വികാരങ്ങൾ എന്നിവ വേഗത്തിലോ വ്യക്തമായോ പ്രകടിപ്പിക്കാൻ കഴിയാത്തവരാണ് മിക്ക ഭിന്നശേഷിക്കാരെന്ന് ഭിന്നശേഷിക്കാർക്കിടയിൽ ഗവേഷണ പഠനങ്ങൾ നിർവ്വഹിച്ച മാണിപയസ്സ് രേഖപ്പെടുത്തുന്നുണ്ട്. 1

കൊച്ചിയിലെ ഒരു ആംഗ്ലോ ഇന്ത്യൻ കുടുംബത്തിൻറെ പശ്ചാത്തലത്തിലാണ് ഹേയ് ജൂഡ് ആവിഷ്കരിക്കപ്പെടുന്നത്. മാതാപിതാക്കൾക്കും സഹോദരിക്കുമൊപ്പം കഴിയുന്ന ജൂഡിൻറെ സ്വഭാവ സവിശേഷതകളെ കുടുംബം പോലും തെറ്റായാണ് മനസ്സിലാക്കുന്നത്. ചെറുപ്പത്തിൽ സംഭവിച്ച ഒരപകടമാണ് അയാളുടെ വിചിത്രസ്വഭാവങ്ങൾക്ക് നിദാനമെന്നവർ കരുതുന്നു. പൊതുധാരണകൾക്കും സമീപനങ്ങൾക്കും നിരക്കാത്ത ചിന്തയും പ്രവൃത്തിയും മൂലം ജൂഡ് കുടുംബത്തിലും പുറം ലോകത്തും അസ്വസ്ഥതകളും പരിഹാസങ്ങളും സൃഷ്ടിക്കുന്നു. ആരുമായും ഇടകലരാനാവാതെ സമൂഹത്തിലും കുടുംബത്തിലും ജൂഡ് ഏറെക്കുറെ ഒറ്റപ്പെട്ട ജീവിക്കുന്നു. ആസ്പർജിയസ് സിൻഡ്രോമുള്ളവർക്കുള്ള സവിശേഷസിദ്ധികളായ ഗണിതപഠനത്തിലുള്ള അസാധാരണ മികവും കടുത്ത സമയനിഷ്ഠയും ജൂഡിൻറെ വിലക്ഷണതയുടെയും അസ്വാഭാവികതയുടെയും അടയാളങ്ങളായാണ് എണ്ണപ്പെടുന്നത്.

വ്യക്തിയുടെ ശാരീരിക-മാനസിക വ്യതിയാനങ്ങളെ അപൂർണ്ണമെന്നും അസ്വാഭാവികമെന്നും സമൂഹം വിലയിരുത്തുന്നത് ശരീരത്തെയും മാനസികശേഷിയെയും കുറിച്ച് നൂറ്റാണ്ടുകളായി രൂപപ്പെട്ട തീർപ്പുകളുടെ പുറത്താണ്. ഇപ്രകാരം മുൻകൂട്ടി നിർണ്ണയിക്കപ്പെട്ട സാമൂഹികമായ തീർപ്പുകളാണ് ജൂഡിനോടുള്ള വീട്ടുകാരുടേയും സഹപ്രവർത്തകരുടേയും പെരുമാറ്റത്തിൽ പ്രകടമാവുന്നത്. സഹോദരിക്ക് അയാൾ എല്ലായ്പ്പോഴും വകക്കുകൊള്ളാത്ത ഒരു മന്ദനായി അനുഭവപ്പെടുമ്പോൾ അച്ഛന് പ്രായോഗിക ബുദ്ധിയില്ലാത്ത ജൂഡ് തീരാത്ത ബാധ്യതയായി തോന്നുന്നു. പുരാവസ്തുക്കളുടെ വിപണനം നടത്തുന്ന കച്ചവടസ്ഥാപനത്തിൽ സഹായിയായി അച്ഛനൊപ്പമെത്തുന്ന ജൂഡ് കാപട്യവും പ്രായോഗികതയും നിറഞ്ഞ കച്ചവട മേഖലയിൽ ശോഭിക്കില്ലെന്ന് അയാൾക്കുറപ്പാക്കുന്നുണ്ട്. അതിരുകവിഞ്ഞ അനുതാപത്തോടെ മാത്രം ജൂഡിനെ മനസ്സിലാക്കുന്ന അമ്മ ജൂഡിൻറെ പരിമിതികളെ മാത്രം കാണുകയും ശേഷികളെ തിരിച്ചറിയാതെ പോവുകയും ചെയ്യുന്നു. സാമൂഹ്യബന്ധങ്ങൾ സൃഷ്ടിക്കാനും നിലനിർത്താനും വലിയ പ്രയാസമനുഭവിക്കുന്ന ജൂഡ് സോഫ്റ്റ് വെയർ സംബന്ധമായ ജോലിയിൽ ഏർപ്പെടുന്നുണ്ടെങ്കിലും അവിടെ നിന്ന് സഹപ്രവർത്തകരുടെ ചതിയും ഒറ്റപ്പെടുത്തലും മൂലം പുറത്താക്കപ്പെടുന്നത് വ്യത്യസ്തങ്ങളായ തൻമകളോട് സമൂഹം പുലർത്തിപ്പോരുന്ന കടുത്ത അസഹിഷ്ണുതയാലാണ്. ജൂഡും കുടുംബവും സഹപ്രവർത്തകരും നിലകൊള്ളുന്ന ആധുനിക ലോകം വിവിധങ്ങളായ വിവേചനങ്ങളെ സ്വാംശീകരിക്കുകയും അനുവർത്തിക്കുകയും ചെയ്യുന്ന ഇടം തന്നെയാണ്. അസഹിഷ്ണുതയും വിവേചനങ്ങളും ഉല്പാദിപ്പിക്കുകയും സംസ്ഥാപിക്കുകയും ചെയ്യുന്ന ആധുനിക ലോകക്രമത്തെ ചിന്തകനായ നിസാർ അഹമ്മദ് വിലയിരുത്തുന്നത് ഇവിടെ കൂട്ടിവായിക്കാവുന്നതാണ് 2. ആധുനികത അങ്ങേയറ്റം അസഹിഷ്ണുത നിറഞ്ഞതായിരുന്നു. യുക്തിസഹമല്ലാത്തതിനെയും സമാനമല്ലാത്തതിനെയും സന്ദേഹത്തോടെയും അസഹിഷ്ണുതയോടെയുമാണത് വീക്ഷിക്കുകയും പരിവർത്തിപ്പിക്കാൻ ശ്രമിക്കുകയും ചെയ്തത്. ഭിന്നശേഷിക്കാരെയും മനോരോഗികളെയും വിവിധങ്ങളായ ന്യൂനപക്ഷങ്ങളെയും നിമ്ന സാമൂഹ്യാവസ്ഥകളിൽ പുലരുന്നവരെയും സംശയത്തോടെ പുറത്തു നിർത്തിക്കൊണ്ട് ശരീരത്തിൻ

റെയും മനസ്സിൻറെയും സംസ്കാരത്തിൻറെയും ബഹുസ്വരതകളെ ഇല്ലായ്മ ചെയ്യുവാനാണ് ആധുനികത ശ്രമിച്ചു വരുന്നത്. വ്യത്യാസങ്ങളെ, സവിശേഷതകളെ, വൈകല്യങ്ങളെ അത് അസഹിഷ്ണുതയോടെ കാണുകയും ശാരീരികവും മാനസികവും സാംസ്കാരികവുമായ വ്യത്യാസങ്ങളെ തമസ്കരിക്കാൻ ശ്രമിക്കുകയും ചെയ്യുന്നുണ്ട്. വൈകല്യമുള്ളവർ ആധുനിക സമൂഹത്തിൽ അനുഭവിക്കുന്ന അപമാനവീകരണം ഈ തമസ്കരണത്തിൻറെ ഉല്പന്നമാണ്.

മാരകവേഗമാർജ്ജിച്ച മത്സരാധിഷ്ഠിത ലോകത്തിനൊപ്പം മനസ്സുകൊണ്ടോ പ്രവൃത്തി കൊണ്ടോ എത്തിച്ചേരാൻ ജൂഡിന് സാധിക്കാത്തതിനാൽ കുടുംബത്തിലും തൊഴിലിടത്തിലും പൊതുഇടങ്ങളിലും അയാൾ ഏകാകിയാണ്. മലയാളസിനിമ ഭിന്നശേഷിയുള്ള ആളുകളെ അടയാളപ്പെടുത്തുന്നത് ഏത് സാമൂഹിക ഇടത്തിലാണ് എന്നുള്ള അന്വേഷണം ഈ സന്ദർഭത്തിൽ വളരെ പ്രധാനമായി മാറുന്നു.ചലച്ചിത്രമടക്കമുള്ള മാധ്യമങ്ങളിലൂടെ ആവിഷ്കൃതമാവുകയും പ്രതിനിധീകരിക്കപ്പെടുകയും ചെയ്യുന്ന ഭിന്നശേഷി വ്യക്തിത്വങ്ങളുടെ രൂപീകരണത്തിൽ സാമൂഹികഘടനയുടെ അധികാരശ്രേണീ ബന്ധങ്ങൾ നിയാമക ഘടകമായിത്തീരുന്നുണ്ട്. ആധുനികതയുടെ സവിശേഷ മൂശകളിൽ വാർത്തെടുക്കപ്പെട്ട എല്ലാ സാമൂഹിക സാംസ്കാരിക ഉല്പന്നങ്ങളെയും പോലെ വ്യത്യസ്തതകളെ ഇല്ലായ്മ ചെയ്യുവാനാണ് മലയാള ചലച്ചിത്രങ്ങളും ശ്രമിച്ചിട്ടുള്ളതെന്നു കാണാം. വ്യത്യസ്തകളെ ,ഭിന്നതകളെ പരിഹാസം കൊണ്ടോ അനുതാപം കൊണ്ടോ ചികിത്സ കൊണ്ടോ ശരിയാക്കിയെടുക്കാമെന്ന പൊതുബോധം അവ പങ്കുവെക്കാറുണ്ട്. ഈ പൊതുബോധത്തെ പിൻപറ്റാതെ ഭിന്നശേഷി തന്മകളെക്കുറിച്ചുള്ള യാഥാർത്ഥ്യബോധത്തിലധിഷ്ഠിതമായ ചില നിലപാടുകൾ രൂപപ്പെടുത്താൻ 'ഹേയ് ജൂഡി ' നാവുന്നുണ്ട്.

ജൂഡ് പ്രതിനിധാനം ചെയ്യുന്ന ഭിന്നശേഷീതന്മ പൊതുസമൂഹത്തിലെന്ന പോലെ ചലച്ചിത്രത്തിനകത്തെ സമൂഹത്തിനകത്തും പാർശ്വവല്ക്കരിക്കപ്പെടുകയും അനുതപിക്കപ്പെടുകയും ചെയ്യുന്നുവെങ്കിലും ആസ്പർജിയസ് സിൻഡ്രോം പോലുള്ള വ്യതിരിക്തതകളെ തിരിച്ചറിയാനും അതിൻറെ സൂക്ഷ്മ സ്വഭാവത്തെ സവിശേഷ ശ്രദ്ധയോടെ പ്രതിനിധാനം ചെയ്യാനുള്ള ശ്രമങ്ങൾ ഈ സിനിമയിലുണ്ട്. ഭിന്നശേഷികളെക്കുറിച്ച് നാളിതുവരെ മലയാള സിനിമ കാണിക്കാത്ത വസ്തുനിഷ്ഠ ആഖ്യാനം 'ഹേയ് ജൂഡി'ലുണ്ട്.

തനിക്കു ചുറ്റുമുള്ള ലോകത്തിൻറെ സന്തോഷത്തെ, സന്താപത്തെ, വികാരങ്ങളെ ലോകം പ്രതീക്ഷിക്കുന്ന വേഗത്തിലും അർത്ഥത്തിലും മനസ്സിലാക്കിയെടുക്കുക കഠിനമായതിനാൽ വീട്ടിനകത്തെ തൻറെ മുറി നല്കുന്ന ഏകാന്തതയിലാണയാൾ സ്വസ്ഥനാകുന്നത്. അവിടെ തൻറെ ദൈനംദിന ജീവിതത്തെ ജൂഡ് ക്യാമറയിൽ പകർത്തിവെക്കുന്നു. ഏറ്റവുമിഷ്ടപ്പെട്ട മറൈൻ ജീവിതത്തെക്കുറിച്ചുള്ള വിവരശേഖരണത്തിലും ഗണിതശാസ്ത്ര രസങ്ങളിലും മുഴുകുന്നു. ഗണിതത്തിലാണ് ജൂഡിൻറെ സവിശേഷ താല്പര്യം. 'നമ്പേഴ്സിൽ എല്ലാം കൃത്യമാണ്, നമ്പേഴ്സ് സത്യമാണ്, ഇമോഷൻസ് എനിക്കു മനസ്സിലാകുന്നില്ല 'എന്നു ജൂഡ് പറയുന്നത് ശ്രദ്ധിക്കുക. ഗണിതത്തിൻറെ കൃത്യതയും സത്യാത്മകതയുമില്ലാത്ത ഒരു ലോകത്ത് അതിജീവനത്തിനാണയാൾ നിയോഗിക്കപ്പെടുന്നത്. ലോകത്ത് തൻറെ മാത്രം സ്വകാര്യ സ്വഭാവികതകളിൽ ജൂഡ് ജീവിക്കുന്നു. ലോകം അസ്വാഭാവികമെന്നു വിളിക്കുന്നതെല്ലാം സ്വാഭാവികമായി മാറുന്ന ഒരു ലോകം.

ജൂഡിന് സമപ്രായക്കാരെപ്പോലെ ഗേൾഫ്രണ്ടില്ലാത്തതും, മറ്റുള്ളവരെപ്പോലെ പക്വമായി പെരുമാറാനാവാത്തതും പരിഹസിക്കപ്പെടുകയും നിന്ദിക്കപ്പെടുകയും ചെയ്യുന്നുണ്ട്. അമ്മാവൻ അയാൾക്ക് ഗേൾഫ്രണ്ടല്ല, അനുസരണയാണ് വേണ്ടതെന്ന അഭിപ്രായക്കാരനാണ്. സഹപ്രവർ

ത്തകർ തങ്ങൾക്കൊപ്പം പ്രായോഗിക ബുദ്ധിയില്ലാത്ത ജൂഡിനെ കെണിയിൽപ്പെടുത്തി ജോലിയിൽ നിന്നു പുറന്തള്ളുന്നു. സാമൂഹിക ജീവിതത്തിന് അനുയോജ്യമല്ലാത്ത ഒരാളായി ജൂഡ് കരുതപ്പെടുന്നു. അദ്ധ്വാനിക്കാനും വിഭവമാർജ്ജിക്കാനുമുള്ള ശേഷിയെ അടിസ്ഥാനമാക്കിയാണ് സാമൂഹിക പദവിയുടെ ലബ്ധി നടക്കുന്നത്. സാമൂഹിക-സാമ്പത്തിക വിഭവമാർജ്ജിക്കാൻ ശേഷിയില്ലാത്തവരാണ് സ്വാഭാവികമായും അബ്നോർമലായി പരിഗണിക്കപ്പെടുന്നത്. ഈ ഗണത്തിൽപ്പെടുത്തിയാണ് അയാൾ ജീവിച്ച ലോകം ഇടപഴകുന്നതെന്ന് ഇവിടെ ശ്രദ്ധേയമാകുന്നു.

ഭിന്നശേഷി തന്മകളുടെ ചലച്ചിത്ര പ്രതിനിധാന ക്രമങ്ങളുടെ വാർപ്പ് മാതൃകകളെ മറികടക്കുന്ന ദൃശ്യങ്ങളിലേക്ക് സിനിമ തുടർന്നു സഞ്ചരിക്കുന്നു. ഗോവയിലെ ബന്ധുവായ ഒളീവിയ ആൻറിയുടെ ആകസ്മിക മരണത്തെ തുടർന്ന് ജൂഡിനും കുടുംബത്തിനും ഗോവയിലേക്ക് പോകേണ്ടി വരുന്നു.

ഗോവയിൽ വെച്ച് അയൽക്കാരായ ഡോക്ടർ സെബാസ്റ്റ്യനുമായും മകൾ ക്രിസ്റ്റലുമായും ജൂഡ് സൗഹൃദത്തിലാവുന്നു. ജൂഡിൻറെ ശേഷികളെ തിരിച്ചറിയുകയും വിലമതിക്കുകയും ചെയ്യുന്ന ആദ്യത്തെ ആളുകളായി സെബാസ്റ്റ്യനും ക്രിസ്റ്റലും മാറുന്നു. അസാധാരണവും അപകവുമായ പെരുമാറ്റത്തിൽ മറ്റുള്ളവരുടെ സവിശേഷ ശ്രദ്ധക്ക പാത്രമാവുന്ന ജൂഡിനെ മുൻനിർത്തി വാടകക്കാരായ അയൽക്കാരെ ഒഴിപ്പിക്കാനുള്ള ജൂഡിൻറെ അച്ഛനായ ഡൊമിനിക്കിൻറെ ശ്രമമാണ് ജൂഡിനെ പുതിയ സൗഹൃദത്തിലേക്കെത്തിക്കുന്നത്.

ജൂഡിൻറെ ഭിന്നശേഷീതന്മയെ അർഹിക്കുന്ന ഗൗരവത്തോടെ സ്വീകരിക്കുന്ന സെബാസ്റ്റ്യൻ മന:ശാസ്ത്രജ്ഞൻ എന്ന നിലയിൽ തനിക്കുള്ള അനുഭവജ്ഞാനമുപയോഗിച്ച് ജൂഡിൻറെ മനോനിലയേയും പ്രവർത്തികളിലെ സവിശേഷതകളെയും വിശകലനം ചെയ്യുകയും ആസ്പർജിയസ് സിൻഡ്രോമിൻറെ സവിശേഷതകൾ തിരിച്ചറിയുകയും ചെയ്യുന്നു. ജൂഡിനെ അസാധാരണത്വമില്ലാതെ പരിഗണിക്കുന്ന സെബാസ്റ്റ്യനും ക്രിസ്റ്റലും ജൂഡിൻറെ താല്പര്യങ്ങളുടെ ലോകത്തെ, ഇച്ഛകളുടെ മഹാകാശത്തെ കയ്യെത്തിപ്പിടിക്കാൻ കൂടെ നിൽക്കുന്നു. കുഞ്ഞുനാളിൽ വെള്ളത്തിൽ അബദ്ധത്തിൽ മുങ്ങിപ്പോയ ശേഷം അയാൾക്ക് വിലക്കപ്പെട്ട നീന്തലടക്കമുള്ള ജലാനുഭവങ്ങൾ പുതിയ സുഹൃത്തുക്കൾ വഴി ജൂഡ് നേടുന്നു. പ്രിയപ്പെട്ട മറൈൻ ജീവിതവുമായി ബന്ധപ്പെട്ട ഒരു ജോലിയിലേക്കെത്തുവാൻ ജൂഡിന് ക്രിസ്റ്റൽ കൂട്ടാളിയാവുന്നു. സാമ്പ്രദായിക രീതിയിൽ ചിന്തിക്കുന്ന മാതാപിതാക്കളുടെയും പൊതുസമൂഹത്തിൻറെയും നിയന്ത്രണങ്ങളിൽ നിന്നകന്ന് സ്വന്തം ഇച്ഛകളെ നടപ്പിലാക്കാനുള്ള, സാധ്യമാക്കാനുള്ള അവസരം ജൂഡിനു ലഭിക്കുന്നു. ഇച്ഛകളാണ്, ആഗ്രഹങ്ങളാണ് വ്യക്തിത്വത്തെ സാക്ഷാത്ക്കരിക്കാനുള്ള അടിസ്ഥാനോപാധി. അതിനാൽ ഇച്ഛകളുടെ പൂർത്തീകരണം വ്യക്തിത്വ വിഭാവനത്തിൽ ഏറ്റവും പ്രധാനപ്പെട്ടതായി മാറുന്നു. തൻറെ വ്യക്തിസത്തക്കുമേൽ ഉണ്ടായിരുന്ന നിയന്ത്രണത്തിൻറെ, പരിമിതപ്പെടുത്തലിൻറെ ബലങ്ങളെ ജൂഡ് മറികടക്കുകയും ഇച്ഛകൾ സാധ്യമാക്കുകയും ചെയ്യുന്നു. അക്കാലം വരെയും വിലക്കപ്പെട്ടിരുന്ന കർതൃത്വശേഷിയിലേക്ക് ഉയരുന്ന ജൂഡിനെ സ്വാഭാവികതയോടെ ലോകം പരിഗണിക്കാൻ തുടങ്ങുകയും ചെയ്യുന്നു.

ഭിന്നശേഷീതന്മകളുടെ ചലച്ചിത്രാവിഷ്കാരങ്ങളിൽ സംഭവിച്ചു വരുന്ന സാമ്പ്രദായിക ചിട്ടവട്ടങ്ങളെ തകർത്തു കളയുന്നുണ്ട് ഈയർത്ഥത്തിൽ 'ഹേയ് ജൂഡി ' നകത്തെ ഭിന്നശേഷിതരുടെ പ്രതിനിധാനം . ഭിന്നശേഷികളെ പരിഹാസത്തോടെയും അനുതാപത്തോടെയും ആവിഷ്കരിക്കുന്ന പൊതുരീതിയിൽ നിന്ന് മാറി നിൽക്കുകയും വ്യതിരിക്തകളെ ചികിത്സയാലും ശാസനത്താലും

ശരിയാക്കിപ്പെടുത്തിക്കളയാം എന്ന ധാരണയോട് വിയോജിക്കുകയും ചെയ്യുന്ന ഹേയ് ജൂഡ്. ജൂഡിനെ പോലുള്ള ഭിന്നശേഷി പ്രതിനിധാന ശ്രമങ്ങൾ നമ്മുടെ കലാ സാംസ്കാരിക മണ്ഡലത്തിൽ കൂടുതലായി ഉണ്ടാകേണ്ടതുണ്ട്. ഭിന്നശേഷി അനുഭവങ്ങളുമായി ബന്ധപ്പെട്ട സാമൂഹിക വിവേചനം, പാർശ്വവല്ക്കരണം തുടങ്ങിയ സാമൂഹിക വെല്ലുവിളികളുടെ ആഴവും പരപ്പും ബോധ്യപ്പെടാനും അത്തരം സാമൂഹിക സാംസ്കാരിക സാഹചര്യത്തിൽ പൊതുസമൂഹത്തിൻറെ നൈതികബോധത്തിലധിഷ്ഠിതമായ ശ്രദ്ധ പതിയാനും ഹേയ് ജൂഡിനെ പോലുള്ള സവിശേഷ പ്രതിനിധാനങ്ങൾക്കു സാധിക്കും. മനുഷ്യസമത്വത്തിൻറെ മൂല്യങ്ങളെ സംസ്ഥാപിക്കാൻ കൂടിയുള്ളതാകും അത്തരം ക്രിയാത്മക ശ്രമങ്ങൾ.

റഫറൻസ്

1. മാണിപയസ്സ് ,ബുദ്ധിമാന്ദ്യമുള്ളവരുടെ വളർത്തച്ഛന്മാർ, കുണ്ടുകുളം മെമ്മോറിയൽ റിസർച്ച് & റീഹാബിലിറ്റേഷൻ കോംപ്ലക്സ്, തൃശ്ശൂർ,2008

2. നിസാർ അഹമ്മദ് / ദിലീപ് രാജ്, കാലം എല്ലാവരുടേതുമായി, മാതൃഭൂമി ആഴ്ചപ്പതിപ്പ്, 2007, ഏപ്രിൽ

3. Drake F Robert, Welfare state and Disability people (Ed) Gary L Albrezht, Handbook of Disability Studies, Sage Publications, Delhi, 2001

4. Fogeyrollas Patrick Beauregard, Disability Studies, Sage Publications, Delhi, 2001

ഫിലിമോഗ്രഫി

ഹേയ് ജൂഡ് / ശ്യാമപ്രസാദ് / മലയാളം / 2018

ഡോ. സ്റ്റാലിൻ ദാസ് പടിഞ്ഞാറെ പുരക്കൽ
അസോസിയേറ്റ് പ്രൊഫസർ
മലയാളവിഭാഗം
ഗവ. ആർട്സ് & സയൻസ് കോളേജ്,
കോഴിക്കോട് - 673018